**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2503** **12-02-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സമൂഹത്തിൽ വർദ്ധിച്ച് വരുന്ന ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുവാനുള്ള നടപടികൾ സ്വീകരിക്കാനാവശ്യമായ അംഗബലം നിലവിൽ എക്സൈസ് സേനയ്ക്കുണ്ടോ; | (എ) | ഉണ്ട്. നിലവിലെ അംഗബലം ഉപയോഗപ്പെടുത്തി ഫലപ്രദമായ രീതിയിൽ ലഹരി ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | നേരിട്ടുള്ള നിയമനത്തിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് എത്രയാണ് എന്ന് വ്യക്തമാക്കാമോ; അതിൽ നിലവിൽ എത്ര എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ട്; വിശദമാക്കാമോ; | (ബി) | വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിന് അനുവദിച്ചിട്ടുള്ള 161 തസ്തികകളാണ് ഉള്ളത്. ആയതിൽ 107 ഒഴിവുകൾ നിലവിൽ ഉണ്ട്. |
| (സി) | നേരിട്ടുള്ള നിയമനത്തിലൂടെ നികത്തേണ്ട എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്ത് കൂടുതൽ യുവതി യുവാക്കളെ എക്സൈസ് സേനയിലേക്ക് നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത് വരുന്നു. |
| (ഡി) | 14.08.2023 ലെ നികുതി (എഫ്) വകുപ്പിന്റെ, നികുതി-എഫ് 1/47/2023-നികുതി നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിൽ പരാമർശിച്ചിരിക്കുന്ന തരത്തിൽ താത്കാലിക സ്ഥാനക്കയറ്റം ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നിടത്തോളം കാലം പി.എസ്.സി വഴി എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം അനിശ്ചിത കാലത്തേക്ക് നീളുന്ന സ്ഥിതി ഉണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ താല്കാലിക സ്ഥാനക്കയറ്റം മൂലം നിലവിൽ വന്ന ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എക്സൈസ് കമ്മീഷണർ സർക്കാരിന്റെ അനുമതി തേടിയിട്ടുള്ളതും എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്താൽ താൽക്കാലിക സ്ഥാനക്കയറ്റം നടത്തിയവ എല്ലാം ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ നിയമനം നടത്തുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്നും, ഒരിക്കൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കുറവ് വരുത്തുവാനോ റദ്ദ് ചെയ്യുവാനോ കഴിയുകയില്ല എന്നതിനാലും എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ടി വിഷയം പരിഗണിക്കാമെന്ന് 14.08.2023 ലെ നികുതി എഫ്1/47/2023/നികുതി നമ്പർ കത്ത് പ്രകാരം |

| | | | |
|---|---|---|---|
| | | | എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 497/2019) റാങ്ക് പട്ടിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 28.12.2023 തീയതിയിൽ പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് ടി വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരായുകയും എക്സൈസ് വകുപ്പിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയത് ഉൾപ്പെടെ വകുപ്പിൽ പി.എസ്.സി മുഖേന നികത്തപ്പെടേണ്ട എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ഉള്ള എല്ലാ ഒഴിവുകളും പി.എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ് എന്ന് ടി വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ